# ആഗോള പ്രാർത്ഥനയുടെ ആഘോഷം 2025

**സ്തുതി**—ദൈവം ജയാളി: നിർവചനം : ഒരു എതിരാളിയെ  ജയിക്കുകേയാ പരാജയപെടുത്തുകയോ ചെയ്യവൻ; ജേതാവ്; രക്ഷിക്കുന്നവൻ; വിമോചകൻ; വിജയം വരിച്ചവൻ; കീഴടക്കിയവൻ.

1 ദിനവൃത്താന്തം 29:11 യഹോവേ, മഹത്വവും ശക്തിയും തേജസും യശസും മഹിമയും നിനക്കുള്ളത്; സ്വർഗ്ഗത്തിലും ഭുമിയിലുള്ളതൊക്കെയും നിനക്കുള്ളതല്ലോ. യഹോവേ, രാജത്വം നിനക്കുള്ളതാകുന്നു; നീ സകലതിനും മീതെ തലവനായിരിക്കുന്നു.

സങ്കീർത്തനങ്ങൾ 98:1 യഹോവെക്കു ഒരു പുതിയ പാട്ടു പാടുവിൻ; അവൻ അത്ഭുതങ്ങളെ പ്രവർത്തിച്ചിരുന്നു; അവന്റെ വലങ്കയും അവന്റെ വിശുദ്ധഭുജവും അവനു ജയം നേടിയിരിക്കുന്നു.

സദൃശവാക്യങ്ങൾ 21:31  കുതിരയെ യുദ്ധദിവസത്തേക്കു ചമയിക്കുന്നു;  ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു .

1 കൊരിന്ത്യർ 15:57-58 നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം.ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.

**ഏറ്റുപറച്ചിൽ**—പാപങ്ങളെ ക്ഷമിക്കുന്ന ദൈവസന്നിധിയിൽ മൗനമായിരുന്നു നമ്മുടെ പാപങ്ങളെ ഏറ്റു പറയാം.

1 യോഹന്നാൻ 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

നന്ദികരേറ്റുക - ദൈവം ചെയ്ത നന്മകള്ക്ക് നന്ദി പറയുക

സങ്കീർത്തനങ്ങൾ 20:5 ഞങ്ങൾ നിന്റെ ജയത്തിൽ ഘോഷിച്ചുല്ലസിക്കും; ഞങ്ങളുടെ ദൈവത്തിന്റെ നാമത്തിൽ കൊടി ഉയർത്തും; യഹോവ നിന്റെ അപേക്ഷകളൊക്കെയും നിവർത്തിക്കുമാറാകട്ടെ.

**മദ്ധ്യസ്ഥപ്രാത്ഥന**—

കുട്ടികൾ: ____________ വിന് വിശ്വാസം മനുഷ്യരാശിയുടെ ജ്ഞാനത്തിലല്ല, മറിച്ച് ദൈവത്തിന്റെ ശക്തിയിലായിരിക്കട്ടെ.

**1 കൊരിന്ത്യർ 2:5**

അവിശ്യാസികൾ: മറ്റാരിലും രക്ഷയില്ലെന്ന് ____________ അറിയട്ടെ; എന്തെന്നാൽ, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല. **അപ്പൊസ്തലപ്രവർത്തികൾ 4:12**

അധ്യാപകർ: ____________, നിങ്ങളുടെ വായിൽ നിന്ന് ദോഷകരമായ വാക്ക് പുറപ്പെടാൻ അനുവദിക്കരുത്, എന്നാൽ ഈ നിമിഷത്തിന്റെ ആവശ്യത്തിനനുസരിച്ച് ആത്മികവർദ്ധനയ്ക്ക് നല്ല ഒരു വാക്ക് മാത്രം, അത് കേൾക്കുന്നവർക്ക് കൃപ നൽകും.

**എഫെസ്യർ 4:29**

സ്കൂളുകൾ: അങ്ങു സ്വർഗത്തിൽ നിന്ന് കേൾക്കുകയും നിന്റെ ദാസന്മാരുടെയും, ____________ സ്കൂളുകളുടെ പാപം ക്ഷമിക്കുകയും; തീർച്ചയായും, ____________ സ്കൂളിനെ അവർ നടക്കേണ്ട നല്ല വഴി ഉപദേശിക്കുകയും ചെയ്യേണമേ. **1 രാജാക്കന്മാർ 8:36a**

എംഐപി: ദൈവമോ എം ഐ പി യുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണം ക്രിസ്തുയേശുവിൽ പൂർണമായി തീർത്തു തരും. **ഫിലിപ്പിയർ 4:19**

**ആശീർവാദം:** കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ

**2 കൊരിന്ത്യർ 13:14**

Moms in Prayer INTERNATIONAL

മോംസ് ഇൻ പ്രെയർ